പ്രത്യേകം ഫണ്ട് നീക്കി വയ്ക്കുന്നുണ്ട്. ബയോ മെഡിക്കൽ വേസ്റ്റ് പാലക്കാട് സംസ്കരിക്കുന്നതിനുവേണ്ടിയുള്ള തീരുമാനമാണ് എടുത്തിട്ടുള്ളത്. തിരുവനന്തപുരത്തും കൊച്ചിയിലും അതിനെക്കുറിച്ച് ആലോചനകൾ നടക്കുന്നുണ്ട്. അത് ഒരു ഫൈനൽ തീരുമാനത്തിലേയ്ക്ക് എത്തിയിട്ടില്ല.

കടൽ - കായൽ ജലശുദ്ധീകരണശാലകൾ

3 (*363) ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. വി. റ്റി. ബൽറാം :
ശ്രീ. സി. പി. മുഹമ്മദ് :
ശ്രീ. വർക്കല കഹാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജല അതോറിറ്റി കടൽ-കായൽ ജല ശുദ്ധീകരണശാലകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) എങ്കിൽ ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(സി) എന്തെല്ലാം കേന്ദ്രസഹായങ്ങളാണ് ഇതിന് ലഭിക്കുന്നത്; വിശദമാക്കുമോ;

(ഡി) കുടിവെള്ളക്ഷാമം പരിഹരിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ ?

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ,

(എ) ഈ വിഷയം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണ്. കേരളത്തിൽ കുടിവെള്ള സ്രോതസ്സുകളുടെ അഭാവംമൂലം ശുദ്ധജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ, പ്രത്യേകിച്ചും തീരപ്രദേശങ്ങളിലും കുട്ടനാട് പോലുള്ള പ്രദേശങ്ങളിലും കുഴൽ കിണറുകൾ സ്ഥാപിച്ച് ലഭ്യമാകുന്ന ലവണജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള ദർഘാസുകൾ ക്ഷണിക്കുകയും ദർഘാസുകളിന്മേലുള്ള തുടർനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. 5.365 കോടി രൂപയുടെ ഭരണാനുമതിയോടുകൂടി 19 ചെറുകിട പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ടെണ്ടറുകൾ 28-1-2013-ൽ ക്ഷണിച്ചിരുന്നു. എന്നാൽ ടെണ്ടറുകൾ ലഭിച്ചപ്പോൾ തുക ഭരണാനുമതി ലഭിച്ച തുകയേക്കാൾ 100 ശതമാനത്തിൽ കൂടുതലായതിനാൽ റദ്ദാക്കുകയുണ്ടായി. തുടർന്ന് 5.07 കോടി രൂപയുടെ ഭരണാനുമതിയോടുകൂടി 29-3-2014-ൽ പ്രസ്തുത വർക്കുകൾക്ക് പുനർദർഘാസുകൾ ക്ഷണിക്കുകയുണ്ടായി. രണ്ട് കമ്പനികളാണ് ഓഫറുകൾ നൽകിയത്. ഓഫർ ലഭിച്ചത് ഭരണാനുമതിയേക്കാൾ 67.36% കൂടുതലായതിനാൽ പുനർ ദർഘാസ് ക്ഷണിക്കുവാൻ ജല അതോറിറ്റി ബോർഡ് തീരുമാനിക്കുകയുണ്ടായി. പുനർദർഘാസിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തനത് കുടിവെള്ള സ്രോതസ്സില്ലാത്ത ഇടങ്ങളിൽ മേൽപ്പറഞ്ഞ മാർഗ്ഗം ഉപയോഗിച്ച് കുടിവെള്ളം എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്.

(സി) കേന്ദ്രസഹായം ഇപ്പോൾ ലഭിക്കുന്നില്ല. നടപ്പ് സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ നൂതന സാങ്കേതികവിദ്യ ഇനത്തിൽ വകയിരുത്തിയിരിക്കുന്ന തുക ചെലവാക്കി 19 പ്ലാന്റുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്.

(ഡി) കേരളത്തിൽ കുടിവെള്ള സ്രോതസ്സുകളുടെ അഭാവംമൂലം ശുദ്ധജലക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ പ്രത്യേകിച്ചും തീരപ്രദേശങ്ങളിലും കുട്ടനാട് പോലുള്ള പ്രദേശങ്ങളിലും കുഴൽ കിണറുകൾ സ്ഥാപിച്ചു ലഭ്യമാകുന്ന ലവണജലം ശുദ്ധീകരിച്ച് വിതരണം ചെയ്യുന്ന റിവേഴ്സ് ഓസ്മോസിസ് പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. കെ. ശിവദാസൻ നായർ</u> : സർ, എന്റെ ചോദ്യം കടൽ-കായൽ ജലശുദ്ധീകരണശാലകൾ സ്ഥാപിക്കാൻ ഉദ്ദേശമുണ്ടോ എന്നുള്ളതാണ്. യഥാർത്ഥത്തിൽ ഇതിനുള്ള മറുപടി കുഴൽ കിണറുകൾ തീരപ്രദേശത്തും കുട്ടനാട്ടും സ്ഥാപിച്ച് ലവണജലം ശുദ്ധീകരിക്കുന്നതിനുള്ള പദ്ധതികൾ ഉണ്ട് എന്നുള്ളതാണ്. ഇത് രണ്ടും രണ്ടാണ്. ബഡ്ജറ്റിലുള്ള 19 വർക്കുകൾ ചെറുകിട ജലപദ്ധതികളാണ്. 19 വർക്കുകളും തുടങ്ങിയിടത്തുതന്നെ നില്ക്കുന്നതേയുള്ളൂ ഇതുവരെ അത് തുടങ്ങാൻ കഴിഞ്ഞിട്ടില്ല. ഇവിടെ കായൽ-കടൽ ജലം ശുദ്ധീകരിച്ച് ശുദ്ധജലം വിതരണം ചെയ്യുന്നതിനുള്ള എന്തെങ്കിലും പദ്ധതികൾ നമുക്കുണ്ടോ; അതിനെക്കുറിച്ച് ആലോചനയുണ്ടോ; അങ്ങനെ നടത്തുന്നതിന് സാധാരണ ജലവിതരണ പദ്ധതികളെക്കാൾ വലിയ ചെലവാകുമോ; ഇതിനെസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ?

<u>ശ്രീ. പി. ജെ. ജോസഫ്</u> : സർ, ഈ വിഷയം ഗവൺമെന്റിന്റെ സജീവ പരിഗണനയിലാണെന്ന് ഞാൻ പറഞ്ഞിട്ടുണ്ട്. അതിലുള്ള പ്രശ്നം കമ്പളങ്ങിയിൽ 1 MLD പ്ലാന്റ് സ്ഥാപിക്കാനുള്ള ഒരു ഓർഡർ ഇറങ്ങി. അതിന് കേന്ദ്രഗവൺമെന്റ് സഹായംകൂടി ലഭിക്കും എന്ന് പ്രതീക്ഷിച്ചിരുന്നു. പവ്വർ പ്ലാന്റും രണ്ടുംകൂടി വന്നപ്പോൾ 1 MLD-ക്ക് 26 കോടി രൂപയാണ് ചെലവ്. വളരെ ചെലവേറിയ ഒരു പരിപാടിയായി ഇത് മാറും. അതുകൊണ്ട് ഇതിന്റെ ചെലവ് തന്നെയാണ് മുഖ്യമായ വിഷയം. കുടിവെള്ള സ്രോതസ്സ് ഒട്ടുമില്ലാത്ത തീരപ്രദേശങ്ങളിൽ 2 MLD-യുടെ പ്ലാന്റ് സ്ഥാപിക്കുന്നതിനെ സംബന്ധിച്ചുള്ള ഒരു സ്റ്റഡി നടന്നുകൊണ്ടിരിക്കുകയാണ്. അതിനുള്ള പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാകുന്നുണ്ട്. അതിന്റെ ചെലവ് തന്നെയാണ് പ്രധാനപ്പെട്ട ഒരു തടസ്സം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശിവദാസൻ നായർ : സർ, ഈ മറുപടിയിൽ കഴൽ കിണർ സ്ഥാപിച്ച് ലവണജലം ശുദ്ധീകരിക്കുന്നതിനുള്ള പ്രോജക്ടുകൾ ഉണ്ടെന്നുപറഞ്ഞു. ആദ്യം 100%-ന് മുകളിൽ ആയിരുന്ന പിന്നീടത് 67% ന് താഴെ വന്നു. ഇത് യഥാർത്ഥ പണി ചെയ്ത് പൂർത്തിയാക്കുന്നതിന് മതിയായ ഒരു എസ്റ്റിമേറ്റല്ല എന്നുവേണം കരുതാൻ. ശരിയായ രീതിയിൽ ഈ പ്ലാന്റുകൾ നടപ്പിലാക്കുന്നതിനുവേണ്ടി മറ്റ് ഏജൻസികളിൽനിന്ന് ഒഴിവാക്കി ഒരു പുതിയ പദ്ധതി എന്നുള്ള നിലയിൽ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : സർ, ഈ ഒരു പ്രോജക്ട് തയ്യാറാക്കി കഴിഞ്ഞു. അടുത്ത ടെൻഡർ വിളിക്കുമ്പോൾ എക്സസ് എമൗണ്ട് ആണെങ്കിലും അതിന്റെ കൂടുതൽ ശതമാനം വന്നാലും അനുവദിച്ചുകൊടുക്കണം എന്നുള്ള തീരുമാനം എടുത്തിട്ടുണ്ട്.

ശ്രീ. റ്റി. എൻ. പ്രതാപൻ : സർ, ബഹുമാനപ്പെട്ട മന്ത്രി നല്കിയ ഉത്തരത്തിൽ കഴൽ കിണറുകൾ സ്ഥാപിച്ച് ശുദ്ധജലം ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് പ്രത്യേകം പരാമർശം ഉണ്ട്. . ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്തുകൊണ്ടിരിക്കുകയാണ്. കേരളത്തിൽ 5 താലൂക്കുകളിൽ മാത്രമാണ് ഏറ്റവും അപകടകരമായ രീതിയിൽ ഭൂഗർഭജലത്തിന്റെ സോഴ്സ് കുറഞ്ഞുവരുന്നതായി പ്രഖ്യാപിച്ചത്. ഇപ്പോൾ അത് കൂടി വരികയാണ്. സംസ്ഥാനത്ത് അമിതമായി കുപ്പിവെള്ളം ഉണ്ടാക്കുന്ന കമ്പനികൾ ഉൾപ്പെടെയുള്ള ആളുകൾ ഭൂഗർഭജലം ചൂഷണം ചെയ്തുകയാണ്. ഭൂഗർഭജലം അമിതമായി ചൂഷണം ചെയ്യുന്നതിനെതിരെ ശക്തമായ നിലപാട് സ്വീകരിക്കുന്നതിനോടൊപ്പം തനത് കുടിവെള്ള സ്രോതസ്സുകളില്ലാത്ത സ്ഥലങ്ങളിൽ മൾട്ടി ജി.പി. ജലനിധി പദ്ധതിയുൾപ്പെടെയുള്ള ജലനിധി പദ്ധതികൾ - വളരെ നന്നായി പ്രോജക്ട് ചെയ്യുന്നു മാള പോലുള്ള ചില സ്ഥലങ്ങളിൽനിന്നും കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ ?

ശ്രീ. പി. ജെ. ജോസഫ് : സർ, ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെന്റ് കഴൽ കിണറുകൾ സ്ഥാപിക്കാൻ അനുയോജ്യമല്ല എന്നു പറയുന്ന സ്ഥലത്ത് ഇപ്പോൾ അനുവദിക്കുന്നില്ല. അതായത് കർശനമായി ക്രിട്ടിക്കൽ ഏരിയാ, സെമി ക്രിട്ടിക്കൽ ഏരിയാ എന്നിവിടങ്ങളിൽ ഇപ്പോൾ അനുവദിക്കുന്നില്ല. മറ്റ് സ്ഥലങ്ങളിൽ കുട്ടനാട്ടിൽ തന്നെയാണ് 19 പ്ലാന്റുകൾ തുടങ്ങിയിരിക്കുന്നത്. കഴൽ കിണറുകൾ സ്ഥാപിക്കാൻ പറ്റാത്ത സ്ഥലങ്ങളിൽ കഴൽ കിണറുകൾ എടുക്കുന്നില്ല

ശ്രീ. സി. പി. മുഹമ്മദ് : സർ, 44 നദികളും അനേകം കായലുകളും വർഷത്തിൽ ആറുമാസം മഴയുമുള്ള കേരളത്തിൽ വിദേശരാജ്യങ്ങളിലെപ്പോലെ കടൽജലം ശുദ്ധീകരിക്കുന്നത് പ്രായോഗികമല്ല. ജലാശയങ്ങളിൽ റഗുലേറ്ററുകളിലെ വെള്ളം ശുദ്ധീകരിച്ചുള്ള നടപടികൾക്ക് വാട്ടർ അതോറിറ്റി തയ്യാറാവുമോ ?

ശ്രീ. പി. ജെ. ജോസഫ് : സർ, ഇപ്പോഴുള്ള നദികളിലും അതുപോലെ ശുദ്ധജലം ലഭിക്കുന്ന സ്ഥലങ്ങളിലും തന്നെയാണ് പദ്ധതികളുമായി മുന്നോട്ടുപോകുന്നത്. തീരപ്രദേശങ്ങളിൽ വളരെ ദൂരെ ഈ സ്രോതസ്സ് കണ്ടെത്തേണ്ടിയിരിക്കുന്ന സ്ഥലങ്ങളുമായി കമ്പയർ ചെയ്തിട്ട് പരീക്ഷണാർത്ഥം ഡീസാലിനേഷൻ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനെ സംബന്ധിച്ചുള്ള സ്റ്റഡിയാണ് ഇപ്പോൾ നടത്തിക്കൊണ്ടിരിക്കുന്നത്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

ആരോഗ്യസംരക്ഷണത്തിന് പുതിയ ഏജൻസി

4 (*364) ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) :
ശ്രീ. എളമരം കരീം :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുജനാരോഗ്യ സംരക്ഷണത്തിന് പുതിയ ഏജൻസി രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏജൻസിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ അറിയിക്കാമോ;

(ബി) പുതിയ ഏജൻസിയുടെ പ്രവർത്തനം ഏത് തരത്തിൽ ഉള്ളതായിരിക്കുമെന്നാണ് വിഭാവനം ചെയ്തിരിക്കുന്നത്;

(സി) പൊതുജനാരോഗ്യ മേഖല നേരിടുന്ന പ്രധാന പ്രതിസന്ധികൾ എന്തൊക്കെയെന്നാണ് വിലയിരുത്തിയിരിക്കുന്നത്?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ) :

(എ) ഉദ്ദേശിക്കുന്നുണ്ട്. സംസ്ഥാനം നേരിടുന്ന പ്രധാന ആരോഗ്യപ്രശ്നങ്ങളായ മഴക്കാലത്തെ പകർച്ചവ്യാധികൾ, വർദ്ധിച്ചുവരുന്ന ജീവിതശൈലീരോഗങ്ങൾ തുടങ്ങിയവയെ ഫലപ്രദമായി നേരിടുവാൻ സംസ്ഥാന ആരോഗ്യമന്ത്രാലയത്തിന്റെ കീഴിൽ വരുന്ന ആരോഗ്യവകുപ്പിന്റെയും മറ്റ് ഡയറക്ടറേറ്റുകളുടെയും പ്രവർത്തനങ്ങൾക്ക് ആവശ്യമായ സഹായം നൽകുക എന്നതാണ് ഈ ഏജൻസിയുടെ പ്രധാന ഉദ്ദേശലക്ഷ്യം.

LIBRARY ARCHIVES Kerala Legislative Assembly